കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പെരുമാട്ടി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.കെ.ഡി-പി11-1096/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 05/10/2024
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുമാട്ടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.കെ.ഡി-പി11-1096/24 തീയ്യതി: 05/10/2024

പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-07-2023 മുതൽ 07-07-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-07-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
വി.പി.ഷോബി	ഡെപ്യൂട്ടി ഡയറക്ടർ	08-07-2024	18-07-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
08-07-2024	18-07-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

രാജൻ.കെ. ഓഡിറ്റ് ഓഫീസർ
നസീറാബാനു.എ. സീനിയർ ഗ്രേഡ് ഓഡിറ്റർ
രമാദേവി.കെ.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ഷാജിനിസ.എൻ. ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.റിഷ പ്രേംകുമാർ	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ.സുരേഷ്ബാബു.എസ്.	സെക്രട്ടറി	01-04-2023	05-07-2023
ശ്രീ.ശിവരാജൻ	സെക്രട്ടറി-ഇൻ-ചാർജ്ജ്	06-07-2023	08-08-2023
ശ്രീമതി.രേഖ.വി.എസ്.	സെക്രട്ടറി	09-08-2023	08-11-2023
ശ്രീ.ശിവരാജൻ	സെക്രട്ടറി-ഇൻ-ചാർജ്ജ്	09-11-2023	11-01-2024
ശ്രീ.രജീഷ്കുമാർ.സി.സി.	സെക്രട്ടറി	12-01-2024	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.ബിന്ദു.വി.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	05-07-2023
ശ്രീ.ശിവരാജൻ	അസിസ്റ്റന്റ് സെക്രട്ടറി	06-07-2023	31-03-2024
ശ്രീ.നവനീത്.	വി.ഇ.ഒ. സർക്കിൾ- 1	01-04-2023	31-03-2024
ശ്രീമതി.സോണിയ.എ).	വി.ഇ.ഒ. സർക്കിൾ-2	01-04-2023	05-09-2023
ശ്രീ.നവനീത്.	വി.ഇ.ഒ. സർക്കിൾ-2(ഇൻ-ചാർജ്)	06-09-2023	11-09-2023
ശ്രീമതി.ഷിജി.ഡി.	വി.ഇ.ഒ. സർക്കിൾ-2	12-09-2023	31-03-2024
ശ്രീമതി.പ്രശാന്തി	ഹെഡ് മിസ്ട്രസ്സ്	01-04-2023	19-07-2023
ശ്രീമതി.ഗുണലക്ഷ്മി	ഹെഡ് മിസ്ട്രസ്സ്	20-07-2023	31-03-2024
ശ്രീമതി.ഉണ്ണി.കെ.എസ്.	അസിസ്റ്റന്റ് എഞ്ചിനിയർ	01-04-2023	31-03-2024
ഡോ.രാജാ ഹരിപ്രസാദ്.എ).	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2023	14-08-2023
ഡോ.ആശ.എസ്.	മെഡിക്കൽ ഓഫീസർ, ആയുർവേദം	15-08-2023	22-08-2023
ഡോ.രാജാ ഹരിപ്രസാദ്.എ).	മെഡിക്കൽ ഓഫീസർ, ആയുർവേദം	23-08-2023	11-09-2023
ഡോ.ആശ.എസ്.	മെഡിക്കൽ ഓഫീസർ, ആയുർവേദം	12-09-2023	31-03-2024
ഡോ.റിയാസ്.ബി.	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	01-04-2023	31-03-2024
ശ്രീമതി.അജയ് കുമാർ.ബി.	കൃഷി ഓഫീസർ	01-04-2023	25-06-2023
ശ്രീമതി.ശ്രീതു.പി.പ്രേമൻ	കൃഷി ഓഫീസർ	26-06-2023	31-03-2024
ശ്രീമതി.ഷമീന.ജെ.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2023	31-03-2024
ഡോ.മുതൽരാജ്	വെറ്ററിനറി സർജൻ	01-04-2023	31-03-2024
ശ്രീമതി.പ്രിയങ്ക.യു.ബി.	ഡയറി ഫാം ഇൻസ്ട്രക്റ്റർ	01-04-2023	31-05-2023
ശ്രീമതി.അഫ് സ.എം.എസ്.	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-06-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	ലോൺ രജിസ്റ്റർ പൂർണമല്ല	1-1-2
4	MGREGS -വാർഷിക കണക്കിലെ അഡ്മിൻ ചെലവ് രജിസ്റ്ററിലേതുമായി പൊരുത്തപ്പെടുന്നില്ല	1-1-3
5	യഥാസമയം ഡിമാന്റ് ചേർക്കുന്നില്ല	1-1-4
6	ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റിൽ അപാകത	1-1-5
7	സ്ഥിരനിക്ഷേപം -വിവരങ്ങൾ ലഭ്യമായില്ല	1-1-6
8	നോട്ട് ടു അക്കൗണ്ട്സ്, ബേസിക്ക് റേഷ്യോസ് സമർപ്പിച്ചിട്ടില്ല	1-1-7
9	വിവിധ ഇനങ്ങളിൽ രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല	1-1-8
10	ബജറ്റ്	1-2
11	സാമ്പത്തിക വിശകലനം	1-3
12	ഫണ്ട് വിനിയോഗം	1-4
13	പദ്ധതി അവലോകനം	1-5
14	മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി	1-6
15	ക്ഷേമപദ്ധതികൾ	1-7
16	ക്യാഷ് ബാലൻസ് പരിശോധന	1-8
17	ആഭ്യന്തര നിയന്ത്രണം	1-9
18	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
19	ആംബുലൻസ് പ്രവർത്തനക്ഷമമാക്കേണ്ടതാണ്	1-11
20	വസ്തു നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട അപാകങ്ങൾ	1-12
21	അനധികൃത കെട്ടിടങ്ങൾ-വിവരങ്ങൾ സോഫ്റ്റ്വെയറിലും UA രജിസ്റ്ററിലും വ്യത്യാസപ്പെട്ടിരിക്കുന്നു	1-13
22	ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളെ കണ്ടെത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്	1-14
23	ഡയറി എക്സ്റ്റൻഷൻ ഓഫീസർ -പ്രോജക്ടുകൾ നിർവഹണം നടത്തിയില്ല	1-15
24	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല	1-16
25	വിജയനഗർ അങ്കണവാടി നിർമ്മാണം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.	1-17
26	മുൻ വർഷങ്ങളിലെ സംയുക്ത പ്രോജക്ടുകൾക്കു് ലഭിച്ച ഫണ്ട് ചെലവഴിച്ചിട്ടില്ല	1-18
27	പഠനമുറി നിർമ്മാണം- പൂർത്തീകരിക്കാത്തവരിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതാണ്	1-19
28	ഗോത്രസാരഥി-പദ്ധതി നടത്തിപ്പ്- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്	1-20
29	എസ് എസ് കെ വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്	1-21
30	ലൈഫ്- ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല	1-22
31	ഹെൽത്ത് ഗ്രാന്റ് വിനിയോഗം ഉറപ്പാക്കേണ്ടതാണ്	1-23
32	ടോയ്ലറ്റ് നിർമാണം പൂർത്തീകരിച്ചിട്ടില്ല	1-24
33	ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് - എല്ലാ ഗുണഭോക്താക്കൾക്കും ലഭ്യമായില്ല	1-25
34	അങ്കണവാടി പോഷകാഹാരം-അമൃതം ന്യൂട്രിമിക്സ് -സ്രോതസ്സിൽ നിന്നും ജി.എസ്.ടി ഈടാക്കിയിട്ടില്ല	1-26
35	അനുപൂരക പോഷകാഹാരം (ടി.എസ്.പി)- ഫണ്ട് വകയിരുത്തുന്നതിൽ മാർഗ്ഗരേഖയിലെ നിർദേശങ്ങൾ പാലിക്കേണ്ടതാണ്	1-27

36	മരാമത്ത് പ്രവൃത്തികൾ- അപാകതകൾ	1-28
37	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ- പ്രവർത്തനാവലോകനം	1-29
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷിക കണക്കുകളുടെ സംഗ്രഹം	

ഭാഗം -1
പൊതു അവലോകനം

1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ്ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ മൂല്യം തിട്ടപ്പെടുത്താൻ കഴിഞ്ഞില്ല.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പെരുമാട്ടി ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 21-5-2024തീയതിയിലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 22-5-2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം :പാലക്കാട്,
തിയ്യതി: 5-10-'24. ഡെപ്യൂട്ടി ഡയറക്ടർ

1-1-2 ലോൺ രജിസ്റ്റർ പൂർണമല്ല

ലോൺ രജിസ്റ്റർ പൂർണമല്ല- ഹഡ്കോ ലോൺ വിവരങ്ങൾ രജിസ്റ്ററിൽ ഭാഗികമായി മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ജി.ഒ പ്രോജക്ടുകൾ മുഖേന Source Deduction നടത്തിയതിന്റെ വിശദാംശങ്ങൾ മാത്രമാണ് ചേർത്തിരിക്കുന്നത്. ലോൺ തുക, ഇതുവരെയായി തിരിച്ചടച്ചത്, തിരിച്ചടയ്ക്കേണ്ട തുക എന്നി വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

1-1-3 MGREGS -വാർഷിക കണക്കിലെ അഡ്മിൻ ചെലവ് രജിസ്റ്ററിലേതുമായി പൊരുത്തപ്പെടുന്നില്ല

NREGS -വാർഷിക കണക്കിലെ അഡ്മിൻ ചെലവ് ഷെഡ്യൂൾ 1-14(f) ലെ തുക രജിസ്ററർ പ്രകാരമുള്ളതുമായി പൊരുത്തപ്പെടുന്നില്ല. (I-14f)ൽ മുന്നിരിപ്പ് (₹1245)+പലിശ വരവ് (₹3899) -5144രൂപയുടെ ചെലവ് ഉൾപ്പെടുത്തിയിട്ടില്ല. ഇതു മൂലം വാർഷിക കണക്കിലെ അഡ്മിൻ ചെലവ് MGNREGS രജിസ്റററിലേതുമായി പൊരുത്തപ്പെടുന്നില്ല.

1-1-4 യഥാസമയം ഡിമാന്റ് ചേർക്കുന്നില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാവസാനം മാത്രമാണ് ഡിമാന്റ് ചേർത്തിരിക്കുന്നത് .ഉദാ- വസ്തു നികുതി, വാടക.

1-1-5 ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റിൽ അപാകത

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 9673769രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 19551326രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-6 സ്ഥിരനിക്ഷേപം -വിവരങ്ങൾ ലഭ്യമായില്ല

B12. പ്രകാരം (ശീർഷകം 420800101) Investments FD 1000/- രൂപ നീക്കിയിരിപ്പായിട്ടുണ്ട്. ഇതേക്കുറിച്ച് രേഖകളൊന്നുമില്ലാത്തതിനാൽ തുകയുടെ വരവിന്റെ കൃത്യത പരിശോധിച്ച് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല . ഇത്തരത്തിലൊരു ഇൻവെസ്റ്റ്മെന്റ് ഇല്ലാത്ത പക്ഷം ഇത് തുടർ വർഷത്തെ കണക്കിൽ ക്രമീകരിക്കേണ്ടതാണ്.

1-1-7 നോട്ട്സ് ടു അക്കൗണ്ട്സ്, ബേസിക്ക് റേഷ്യോസ് സമർപ്പിച്ചിട്ടില്ല

നോട്ട്സ് ടു അക്കൗണ്ട്സ്, ബേസിക്ക് റേഷിയോസ് എന്നിവ വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല.

1-1-8 വിവിധ ഇനങ്ങളിൽ രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല

ഇനം	അക്കൗണ്ട് ഹെഡ്	അക്കൗണ്ട്സ് പ്രകാരം	രജിസ്റ്റർ പ്രകാരം
വാടക	ഡിമാന്റ് (InE-I-3-130100101)	129844	250244
	അഡ്വാൻസ് (RP-35-350410401)	92665	10648
തൊഴിൽ നികുതി (Employees)	വരവ് (RP-1-110200102)	1858800	1895050

തൊഴിൽ നികുതി (Traders/Institutions/ Professionals)	അഡ്വാൻസ് (RP-35-350410102)	197510	157230
ലൈസൻസ്	അഡ്വാൻസ് (RP-35-350410301)	144100	113800

1-2 ബജറ്റ്

പഞ്ചായത്ത് ഭരണ സമിതിയുടെ 10.03.2023 തീയതിയിലെ യോഗ തീരുമാനം നം. 1/1 പ്രകാരം 2023-24 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

പ്രാരംഭ ബാക്കി	1836044
തൻവർഷം വരവ്	381977900
ആകെ വരവ്	383813944
ചെലവ്	381951000
നീക്കിയിരിപ്പ്	1862944

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	36472063
വരവ്	50318164
ആകെ	86790227
ചെലവ്	40644395
നീക്കിയിരിപ്പ്	46145832

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	തൻ വർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസനഫണ്ട് -ജനറൽ	0	21928919	21928919	17722070	4206849
വികസനഫണ്ട് എസ്.സി.പി	0	10995000	10995000	8132842	2862158
വികസനഫണ്ട് ടി.എസ്.പി	0	9655381	9655381	5070043	4585338
മെയ്ന്റനൻസ് ഗ്രാന്റ് നോൺറോഡ്	0	3301400	3301400	2798360	503040
മെയ്ന്റനൻസ് ഗ്രാന്റ് റോഡ്	0	23403350	23403350	3875524	19527826
CFC-Tied (Bank)	3,960,882	2,939,500	6900382	2604030	4296352
CFC-UnTied (Bank)	2,411,130	4097745*	6508875	1541480	4967395

*- AFS RP -30 അനുസരിച്ച് CFC-Untied Fund വരവ് 4097715രൂപയാണ്, ലെഡ്ജർ അനുസരിച്ച് 30 രൂപ കൂടി വരവിൽ ഉൾപ്പെടുത്തിയാണ് നീക്കിയിരിപ്പ് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4ലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുത്തിയിട്ടുള്ളത്. യഥാർത്ഥ വരവുമായി 30രൂപയുടെ വ്യത്യാസം ഉണ്ട്.

വാർഷിക കണക്ക്, എ സി ആർ, സുലേഖ ചെലവ് പത്രിക എന്നിവയെ ആസ്പദമാക്കിയാണ് ഫണ്ട് വിനിയോഗവിവരങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടില്ല.

ഫണ്ടിനം	മുൻ ബാക്കി	തൻ വർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
Rural Housing	0	1700000	1700000	1400000	300000
ICDS	949763	2213934	3163697	19,95,629	1168068
Suchitwa Mission Grant	11755	0	11755	0	11755
Total Sanitation Campaigning	0	0	0	0	0
ഹെൽത്ത് ഗ്രാന്റ്	26,416	0	26,416	0	26,416

Health Grant സാമൂഹ്യ ആരോഗ്യകേന്ദ്രത്തിൽ രോഗ നിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ	2,49,222	1024489	1273711	282373	991338
Health Grant Towards Conversions Of PHC's And Subcentres Into Health Wellness Centres	0	422975	422975	149560	273,415.
Health Grant Towards Buldingless Subcentres,PHCs And CHCs	0	5,611,000	5611000	0	5,611,000
Total Sanitation	149,038	0	149,038	0	149,038
കുടുംബശ്രീ-അഗതി രഹിത കേരളം	1080000	122790	1202790	1080000	122790

MGNREGA

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	1245	1309847	1311092	1311092**	0
ഗുണഭോക്താകൾക്ക്*** നേരിട്ട് നൽകുന്നത്	0	51951538	51951538	51951538	0
ആകെ	1245	53261385	53262630	53262630	0

** -RP 40(b) അനുസരിച്ച് നീക്കിയിരിപ്പ് ഇല്ല. വാർഷികകണക്കിലെ അഡ്മിൻ വരവിൽ (RP-30) പലിശ 3899 രൂപ ഉൾപ്പെടുത്തിയിട്ടില്ല. അഡ്മിൻചെലവ് I-14(f) അനുസരിച്ച് അഡ്മിൻ ചെലവ് 1305948 രൂപയാണ്. (I-14f)ൽ മുന്നിരിപ്പ് (₹.1245)+പലിശ വരവ് (₹.3899) -5144രൂപയുടെ ചെലവ് ഉൾപ്പെടുത്തിയിട്ടില്ല. ഇതു മൂലം വാർഷിക കണക്കിലെ അഡ്മിൻ ചെലവ് MGNREGS രജിസ്ററിലേതുമായി പൊരുത്തപ്പെടുന്നില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
258	183556134	125	58769365		133	48.44

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് %
കൃഷി ഓഫീസർ	6	5	15880825	7374421	46.43
വെറ്ററിനറി സർജ്ജൻ	11	5	5490000	1950879	35.53
മെഡിക്കൽ ഓഫീസർ-CHC	14	10	4719199	1818697	38.53
മെഡിക്കൽ ഓഫീസർ-ആയുർവേദം	3	3	1950000	1931800	99
വി.ഇ.ഒ-1	13	13	40702983	16390615	40.26
ഐ.സി.ഡി.എസ്	9	4	6604534	4667272	70.66

സൂപ്പർവൈസർ					
വി.ഇ.ഒ-2	7	4	2969250	597963	20.13
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	2	0	1600000	0	
സെക്രട്ടറി	45	16	18278851	7821899	42.79
അസി.സെക്രട്ടറി	12	10	3507063	2297326	65.5
അസിസ്റ്റന്റ് എഞ്ചിനിയർ	124	43	79521262	12594605	15.83
എച്ച്.എം	12	12	2332167	1323888	56.76
ആകെ	258	125	183556134	58769365	32

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

1-6 മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	1245	1309847	1311092	1311092**	0
ഗുണഭോക്താകൾക്ക്*** നേരിട്ട് നൽകുന്നത്	0	51951538	51951538	51951538	0
ആകെ	1245	53261385	53262630	53262630	0

** -RP 40(b) അനുസരിച്ച് നീക്കിയിരിപ്പ് ഇല്ല. വാർഷികകണക്കിലെ അഡ്മിൻ വരവിൽ (RP-30) പലിശ 3899 രൂപ ഉൾപ്പെടുത്തിയിട്ടില്ല. അഡ്മിൻചെലവ് I-14(f) അനുസരിച്ച് അഡ്മിൻ ചെലവ് 1305948 രൂപയാണ്. (I-14f)ൽ മുന്നിരിപ്പ് (₹ 1245) +പലിശ വരവ് (₹ 3899) -5144രൂപയുടെ ചെലവ് ഉൾപ്പെടുത്തിയിട്ടില്ല. ഇതു മൂലം വാർഷിക കണക്കിലെ അഡ്മിൻ ചെലവ് MGNREGS രജിസ്ററിലേതുമായി പൊരുത്തപ്പെടുന്നില്ല.

1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	ക്ഷേമ പദ്ധതി	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
1	കർഷക തൊഴിലാളി പെൻഷൻ	4563800	364
2	വാർദ്ധക്യകാല പെൻഷൻ	26134600	2058
3	വികലാംഗ പെൻഷൻ	3285000	233
4	50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ	811200	74
5	വിധവാ പെൻഷൻ	17099600	1431

1-8 ക്യാഷ് ബാലൻസ് പരിശോധന

പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.07.2024 തീയ്യതിയിൽ 03.15 PM ന് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 941/- രൂപയുടെ

വരവിന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ 12/09/2022 പ്രാബല്യത്തിൽ പുതുക്കിയിട്ടുണ്ട്. പൗരാവകാശ രേഖ 2021 ൽ പുതുക്കിയിട്ടുണ്ട്.

സ.ഉ(ആർ.ടി)നം. 166/17/ത.സ്വ.ഭ.വ തീയതി 20.01.17 പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. ആസ്തി വിവരങ്ങൾ കാലികമാക്കേണ്ടതാണ്. പൊതുമരാമത്ത് ആസ്തികളുടെ അപ്ഡേഷന്റെ ഭാഗമായി സർക്കാർ തലത്തിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് നിലവിൽ R-Track Mobile Application വഴി പഞ്ചായത്തിലെ മുഴുവൻ റോഡുകളും, കെട്ടിടങ്ങളും മാപ്പ് ചെയ്യുന്നതിനുള്ള പദ്ധതി 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടുണ്ട്. ആയതിന്റെ Documentation പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്.പ്രവൃത്തികളിൽ പി.ഡബ്ല്യൂ.ഡി. മാന്വൽ കർശനമായി പാലിക്കേണ്ടതാണ്.

പ്രധാനപ്പെട്ട തനത് വരുമാന സ്രോതസ്സുകളായ വസ്തു നികുതി, തൊഴിൽ നികുതി, വാടക എന്നിവയുടെ കുടിശ്ശിക പിരിവ് കാര്യക്ഷമമാക്കേണ്ടതുണ്ട്. പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. അഡ്വാൻസ് രജിസ്റ്ററിലെയും ഡെപ്പോസിറ്റ് രജിസ്റ്ററിലേയും വിവരങ്ങൾ അക്കൗണ്ട്സുമായി പൊരുത്തപ്പെടുന്നില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

മെയ് മാസം 2022 ൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2014-15 മുതൽ 2021-22 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. പരാമർശങ്ങൾ തീർപ്പാക്കുവാനില്ല.

പെർഫോമൻസ് ഓഡിറ്റ് 07/22 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. തുടർന്ന് പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടില്ല.

1-11 ആംബുലൻസ് പ്രവർത്തനക്ഷമമാക്കേണ്ടതാണ്

2013-14 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പി.എച്ച്.സി. യിലേക്ക് ആംബുലൻസ് എന്ന പദ്ധതി പ്രകാരം പി.എച്ച്.സിക്ക് ലഭ്യമാക്കിയ KL-70-8860 നമ്പറിലുള്ള ആംബുലൻസ്, 28.8.14 ലെ കരാർ ഉടമ്പടി പ്രകാരം സോഷ്യൽ നെറ്റ് വർക്കിംഗ് കമ്മിറ്റിക്ക് നൽകിയിട്ടുണ്ട്.2023-24 സാമ്പത്തിക വർഷത്തിൽ 08.02.2023 തീയതിയിൽ ചേർന്ന 4(3) നം. യോഗ തീരുമാനപ്രകാരം സെക്രട്ടറിയുടെയും(കൺവീനർ) പ്രസിഡന്റിന്റെയും(സോഷ്യൽ നെറ്റ് വർക്കിംഗ് കമ്മിറ്റി ചെയർമാൻ) പേരിൽ ഒരു ജോയിന്റ് അക്കൌണ്ട് തുടങ്ങുകയും (A/C No. 0093073000000295,സൌത്ത് ഇൻഡ്യൻ ബാങ്ക്) ആംബുലൻസ് നടത്തിപ്പിനായി സംഭാവനകൾ ടി അക്കൌണ്ടിലേക്ക് സ്വീകരിച്ചിട്ടുമുണ്ട്.മെയിന്റനൻസ് ,ഇന്ധനം എന്നിവയ്ക്കായി പ്രസ്തുത അക്കൌണ്ടിൽ നിന്നും 54770/- രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഇനം	വൗച്ചർ നമ്പർ	തുക	ചെക്ക് നമ്പർ
1	ഇൻസ്പെക്ഷൻ ചാർജ്	22300104/ 05.05.23	1105	1024851/12.07.23
2	മെയിന്റനൻസ്	22300787/18.12.23	650	1024852/19.12.23
3	വാട്ടർ സർവ്വീസ്	22300775/18.12.23	850	1024852/19.12.23
4	മെയിന്റനൻസ്	22300783/ 18.12.23	650	1024852/19.12.23
5	വേതനം	22300837/06.01.24	1460	1024853/08.01.24
6	ഇന്ധനം	22300895/02.02.24	1148	1024854/03.02.24
7	ഇന്ധനം	22300958/14.02.24	1467	1024856/16.02.24
8	വേതനം	22300894/02.02.24	730	1024854/03.02.24
9	മെയിന്റനൻസ്	22301095/14.03.24	24640	1024853/08.01.24

10	മെയിന്റനൻസ്	22301094/14.03.24	21780	1024857/14.03.24
11	റിപ്പയർ	223000843/06.01.23	290	1024853/08.01.24
ആകെ			54770/-നിലവിലും	

മെയിന്റനൻസ് വർക്ക് പൂർത്തിയാകാത്തതിനാൽ ആംബുലൻസ് 19.12.2022 മുതൽ പ്രവർത്തനരഹിതമാണ്.മേൽ പറഞ്ഞ ഇന്ധനം,വേതനം ഉൾപ്പെടെയുള്ള ചിലവുകൾ മെയിന്റനൻസിനു വേണ്ടി വർക്ക്ഷോപ്പിലേക്ക് വാഹനം ഓടിയതിന്റെയാണെന്ന് ബന്ധപ്പെട്ട സെക്ഷൻ അറിയിച്ചിട്ടുണ്ട്. ആംബുലൻസ് ഉപയോഗത്തിനു വേണ്ടി ലഭിക്കുന്ന തുകകൾ/സംഭാവനകൾ സ്വീകരിക്കുന്നതിന് പ്രത്യേകം രസീത് എഴുതി സൂക്ഷിച്ചിട്ടില്ല. അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം.08/11.07.2024) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ആംബുലൻസ് നടത്തിപ്പിനായി തുടങ്ങിയ അക്കൌണ്ടിലേക്ക് വരവായി വന്ന സംഭാവന തുകകളുടെ വിശദാംശങ്ങൾ സഹിതം രശീതി എഴുതി സൂക്ഷിക്കേണ്ടതാണ്.

രണ്ടു വർഷത്തിലധികം പിന്നിട്ടിട്ടും മെയിന്റനൻസ് വർക്കുകൾ പൂർത്തിയാക്കാതിരിക്കുന്ന സാഹചര്യം വിശദമാക്കേണ്ടതും ആംബുലൻസ് താമസംവിനാ ഉപയോഗ യോഗ്യമാക്കുന്നതിനു ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

1-12 വസ്തു നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട അപാകങ്ങൾ

പാർപ്പിടാവശ്യത്തിനുള്ള, 300 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് 6 രൂപയാണ് . എന്നാൽ മേൽപ്പറഞ്ഞ തരത്തിലുള്ള നിരവധി കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 5രൂപ നിരക്കിൽ ഈടാക്കിയതായി കാണുന്നു.ഇത് കൂടാതെ നികുതി നിർണ്ണയത്തിൽ അപാകതകളും ഉണ്ട്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട നം.	വിസ്തീർണ്ണം (ച.മീ)	നിർണ്ണയിച്ച വസ്തുനികുതി-5രൂപ നിരക്കിൽ (വാർഷികം) (ലൈബ്രറി സെസ് 5% ഉൾപ്പെടെ)	നിർണ്ണയിക്കേണ്ട വസ്തുനികുതി (വാർഷികം) (ലൈബ്രറി സെസ് 5% ഉൾപ്പെടെ)	റിമാർക്സ്
1	11/739	130.29	681	130.29*6= 781.74 ഇളവ് -ഇല്ല വസ്തുനികുതി-821	
2	12/665	140.69	980	140.69*6= 844.14 വർദ്ധനവ് 20%(വഴിസൗകര്യം) - 168.82 വസ്തുനികുതി-1064	
3	1/173	190	471	190*6= 1140 വർദ്ധനവ് 20%(വഴിസൗകര്യം) - 228 വസ്തുനികുതി-1436	
4	1/556	219.35	1526	219.35*6=1316.1 വർദ്ധനവ് 20%(വഴിസൗകര്യം- 263.22) 10% (മേൽക്കൂര) വസ്തുനികുതി-1658	2018 മുതൽ 2022 വരെ 212രൂപ വീതവും 2023ൽ 224 രൂപയും നികുതി ഈടാക്കിയതായി കാണുന്നു.

മേൽ അപാകം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം. 08/17.07.2024) നൽകിയെങ്കിലും മറുപടി

ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

പുനർ നിർണ്ണയിച്ച നികുതിയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

1-13 അനധികൃത കെട്ടിടങ്ങൾ-വിവരങ്ങൾ സോഫ്റ്റ്വെയറിലും UA രജിസ്റ്ററിലും വ്യത്യാസപ്പെട്ടിരിക്കുന്നു

സഞ്ചയ സോഫ്റ്റ്വെയറിലെ വിവരങ്ങൾ പ്രകാരം 2023-24 വർഷം വരെ അനധികൃത 174 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിലുണ്ട്. സ്ഥാപനത്തിലെ UA രജിസ്റ്റർ പ്രകാരം 83 കെട്ടിടങ്ങൾ ആണ് നിലവിലുള്ളത്.

'യു.എ' കെട്ടിട നമ്പർ അനുവദിക്കപ്പെട്ട 11/238.UA നമ്പർ കെട്ടിടം പൊളിച്ചു മാറ്റിയതായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എഎ(1) വകുപ്പ് പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തുനികുതയായി ഈടാക്കാവുന്നതാണ്. 2011-ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'യു.എ' കെട്ടിട നമ്പർ അനുവദിക്കേണ്ടതാണെന്നും കെട്ടിടം പൊളിച്ചു മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്നത് വരെ ഇപ്രകാരം വസ്തുനികുതി ഈടാക്കാവുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിലും UA രജിസ്റ്ററിലും കാലികമാക്കേണ്ടതും ഇവ ക്രമവത്കരിക്കുന്നതിനായി നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണത്തിന് (നം.22/18.07.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-14 ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളെ കണ്ടെത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്

2023-24 വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചു. താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

.ഫീസ് പിരിക്കുന്നതിന്, സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന് (നം.21 /18.07.2024) മറുപടിയായി പ്രസ്തുത വിവരങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

.MSME Development Act, 2006 പ്രകാരം ഒരു വ്യവസായസ്ഥാപനത്തിന് 2023-24 വർഷത്തിൽ ലൈസൻസ് നൽകിയിട്ടുണ്ട്. സഞ്ചയയിൽ ഒരു സ്ഥാപനത്തിന്റെ വിവരം ഉൾപ്പെടുത്തിയിട്ടുണ്ട്.

.സഞ്ചയയിലെ ഡാറ്റ പ്രകാരം 1258 വാണിജ്യാവശ്യത്തിനായുള്ള കെട്ടിടങ്ങൾ അസസ്സ് ചെയ്തിട്ടുണ്ടെങ്കിലും 265 സ്ഥാപനങ്ങൾ മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളു എന്ന് കണ്ടെത്തി. വസ്തു നികുതി ഒടുക്കുന്ന ഗാർഹികേതര സ്ഥാപനങ്ങളുടെ കണക്കും ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ കണക്കും പൊരുത്തപ്പെടാത്ത സാഹചര്യം നിലവിലുണ്ട്. ഓഡിറ്റ് അന്വേഷണത്തിന് (നം.21 /18.07.2024)മറുപടിയായി 1258 വാണിജ്യാവശ്യത്തിനായുള്ള കെട്ടിടങ്ങളിൽ 230 എണ്ണം പൊളിഞ്ഞു പോയി എന്നും ബാക്കിയുള്ള കെട്ടിടങ്ങളിൽ നിരവധി എണ്ണത്തിൽ കടകൾ പ്രവർത്തിക്കുന്നില്ല എന്നും ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾ കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

.ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളെ കണ്ടെത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.

1-15 ഡയറി എക്സ്റ്റൻഷൻ ഓഫീസർ -പ്രോജക്ടുകൾ നിർവഹണം നടത്തിയില്ല

സാമ്പത്തിക വർഷത്തിൽ ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണോദ്യോഗസ്ഥനായി 2 പ്രോജക്ടുൾ മൃഗസംരക്ഷണ മേഖലയിൽ രൂപീകരിച്ചിരുന്നു. ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകുന്ന പ്രോജക്ട് കൾ ഒന്നും തന്നെ സാമ്പത്തിക വർഷത്തിൽ നിർവഹണം നടത്തിയിട്ടില്ല. മൃഗ

സംരക്ഷണ മേഖലയിലെ പ്രോജക്ടുകൾ നിർവഹണം നടത്താതെ വികസന ഫണ്ട് ലാപ്സാക്കിയതിന് വിശദീകരണം ലഭ്യമാക്ക നാവശ്യപ്പെട്ടു കൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/12.7.24) ന് നിർവഹണോദ്യോഗസ്ഥനായ ഡയറി എക്സ്റ്റൻഷൻ ഓഫീസർ മറുപടി നൽകിയിട്ടില്ല. ആയിരത്തോളം ക്ഷീര കർഷകർ ഉള്ള ഗ്രാമ പഞ്ചായത്തിൽ പ്രോജക്ടുകൾ നിർവഹണം നടത്താതെ വികസന ഫണ്ട് ലാപ്സാക്കിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-16 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല

ഓഡിറ്റ് വർഷത്തിൽ താഴെ ചേർക്കുന്ന KSEB സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. പ്രവൃത്തികൾക്കു വേണ്ടി തുക ചെലവഴിച്ചതിന്റെയും ബാക്കി നിൽപ്പു തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെഎസ്ഇബി വണ്ടിത്താവളം	263/24ഏറാട്ടുചള്ള MCFലേക്ക് ഇലക്ട്രിക്ക് പോസ്റ്റ് സ്ഥാപിച്ചു ലൈൻ വലിക്കൽ	108/13.09.2023	42830 തനത് ഫണ്ട്	0	42830
കെഎസ്ഇബി വണ്ടിത്താവളം	157/24 എസ്സി കോളനികളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ	1)252/28.12.2023-187738 രൂപ)257/30.12.2023-269760 രൂപ	457498 പ്ലാൻ എസ്സിപി	0	457498
കെഎസ്ഇബി ചിറ്റൂർ	187/24 എസ്സി കോളനികളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽSO	84/29.07.2023	113515 പ്ലാൻ എസ്സിപി	०	113515
കെഎസ്ഇബി വണ്ടിത്താവളം	49/24ഗതാഗതത്തിന് തടസ്സമായി നിൽക്കുന്നു ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ	310/23.02.2024-26682 രൂപ 2)329/12.03.2024 – 13019 രൂപ	39701 ഫണ്ട്	०	39701
കെഎസ്ഇബി ചിറ്റൂർ	191/24ഗതാഗതത്തിന് തടസ്സമായി നിൽക്കുന്നു ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ	22/29.05.2023	94008 പ്ലാൻ ഫണ്ട് ജനറൽ	०	94008

പ്രോജക്ട് നമ്പർ 157/2024 അല്ലാതെ മറ്റു ഡെപ്പോസിറ്റ് പ്രവൃത്തികളിൽ കെഎസ്ഇബി യുമായി കരാരർ ഉടമ്പടി ഒപ്പു വച്ചിട്ടില്ല.

ടി പ്രവൃത്തികളുടെ പൂർത്തീകരണം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 17/17.07.2024 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല

കെഎസ്ഇബി യുമായി കരാർ ഉടമ്പടി ഒപ്പു വച്ചതിനുശേഷമെ ഡെപ്പോസിറ്റ് തുക കൈമാറാവു എന്ന നിബന്ധന കർശ്ശനമായി പാലിക്കേണ്ടതാണ്പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിനിയോഗ ശേഷം ബാക്കി വരുന്ന തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ കൈകൊള്ളേണ്ടതുമാണ്.

ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 17/17.07.2024 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി

ലഭ്യമാക്കിയിട്ടില്ല

1-17 വിജയനഗർ അങ്കണവാടി നിർമ്മാണം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ : 188/24

പ്രോജക്ട് : വിജയനഗർ അംഗൻവാടി നിർമ്മാണം (സ്പിൽ ഓവർ)

അടങ്കൽ : 1500000

ചെലവ് : 300000 തനത് ഫണ്ട്

ബിൽ നമ്പർ : 126/10.10.2023

നിർവ്വഹണം : സെക്രട്ടറി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്ന പെരുമാട്ടി ഗ്രാമ പഞ്ചായത്തിന്റെ വിജയനഗർ അങ്കണവാടി നിർമ്മാണത്തിന് ഗ്രാമ പഞ്ചായത്തിന്റെ വിഹിതമായി മിഷൻ ഡയറക്ടർ , തിരുവനന്തപുരത്തിന്റെ ടിഎസ്ബി അക്കൌണ്ടിലേക്ക് (799011400000486) കൈമാറിയ 300000രൂപയുടെ വിനിയോഗ വിവരം, അങ്കണവാടി കെട്ടിട നിർമ്മാണ പ്രവൃത്തി പുരോഗതി എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 16/17.07.2024 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതി നിർവഹണം മോണിറ്റർ ചെയ്യേണ്ടതും ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി നൽകിയ തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-18 മുൻ വർഷങ്ങളിലെ സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് ചെലവഴിച്ചിട്ടില്ല

പഞ്ചായത്തുമായി സംയുക്ത പദ്ധതികൾ നടപ്പിലാക്കാൻ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ജില്ലാപഞ്ചായത്തിൽ നിന്നും മുൻ വർഷങ്ങളിൽ തുകകൾ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകകൾ വർഷങ്ങളായി ചെലവഴിക്കാതെ അവശേഷിക്കുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2020-21	2528	പാലിയേറ്റീവ് കെയർ	0	2528
	2020-21	854562	മാലിന്യ സംസ്ക്കരണ പ്ലാന്റ്	0	854562
	2019-20	95000	ലൈഫ് ഭവനം SO 142/21	0	95000
ജില്ലാപഞ്ചായത്ത്	2019-20	172604	ലൈഫ് മിഷൻ-28/21	0	172604
		1124694			1124694

ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ പാലിയേറ്റീവ് കെയർ പദ്ധതിക്കായി 2020-21 ൽ ലഭിച്ച ബ്ളോക്ക് വിഹിതത്തിൽ ചെലവഴിച്ച് ബാക്കി വന്ന തുകയാണ് 2528 രൂപ.

മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് സെക്രട്ടറി , വിഇഒ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ 2023-24 ൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ബ്ളോക്ക് വിഹിതമായി 2020-21 ൽ ലഭിച്ച 854562 രൂപ ഉൾപ്പെടുത്തി ചെലവഴിച്ചിട്ടില്ല. ലൈഫ് പദ്ധതിക്കായി ലഭ്യമായ ബ്ളോക്ക് , ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ തുടർ വർഷ പദ്ധതികളിൽ ഉൾപ്പെടുത്തി ചെലവഴിച്ചിട്ടില്ല. പ്രസ്തുത തുകകൾ നാളിതുവരെ ചെലവഴിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുവാനാവശ്യപ്പെട്ട് നൽകിയ 4/10.07.2024 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

മേൽ തുകകൾ വരും വർഷങ്ങളിലെ പദ്ധതികളിൽ ഉൾപ്പെടുത്തി ചെലവഴിക്കുവാനോ അല്ലാത്തപക്ഷം സർക്കാരിലേക്ക് തിരിച്ചടയ്ക്കുവാനോ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും

വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-19 പഠനമുറി നിർമ്മാണം- പൂർത്തീകരിക്കാത്തവരിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതാണ്

പ്രോജക്ട് നമ്പർ 140/24

പ്രോജക്ട് - പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

അടങ്കൽ - 600000 (വികസന ഫണ്ട് എസ് സി പി)

ചെലവ് - 290000

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിനായി താഴെ കൊടുഞ്ഞ ബില്ലുകളിലെ തുകകൾ ഗഡുക്കളായി അനുവദിച്ചിട്ടുണ്ട്.

ബിൽ നമ്പർ	തുക	ഗുണഭോക്താവ്, അനുവദിച്ച തുക	
2/23-24 /6.11.23	90000	ദയ. ആർ	30000
		ഗോപിക.എസ്	30000
		ഗോപി.എം	30000
7/23-24 /19.01.24	60000	ദയ. ആർ	60000
8/23-24 /18.01.24	60000	ഗോപി.എം	60000
20/23-24 /22.03.24	80000	ഗോപി.എം	80000
	290000		

മൂന്ന് ഗുണഭോക്താക്കളിൽ ഒരു ഗുണഭോക്താവ് (ഗോപി.എം) മാത്രമാണ് പഠനമുറി പൂർത്തീകരിച്ചിട്ടുള്ളത്.

ദയ.ആർ രാജൻ എന്ന ഗുണഭോക്താവിന്റെ പഠനമുറി പ്രവൃത്തിയിൽ വാതിൽ, ജനൽ പ്ലാസ്റ്ററിംഗ്, ഫ്ളോർ വർക്ക് , പെയിന്റിംഗ് മുതലായ പണികൾ പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ അവസാന ഗഡുവായ 30000 രൂപ അനുവദിച്ചിട്ടില്ല.

ഗോപിക.എസ് D/O ശശീന്ദ്രൻ കന്നിമാരി എന്ന ഗുണഭോക്താവ് ആദ്യ ഗഡു 30000രൂപ കൈപ്പറ്റുകയും, തുടർ പ്രവൃത്തികൾ നടത്തിയിട്ടില്ലാത്തതുമാണ്. നിർവ്വഹണോദ്യോഗസ്ഥൻ എസ്.സി 2-121/23/ 1/2/24 നമ്പർ കത്ത് പ്രകാരം പ്രസ്തുത തുക തിരിച്ചടയ്ക്കുവാൻ നിർദ്ദേശിച്ചതിനെ തുടർന്ന് റെസിപ്റ്റ് നമ്പർ 1240100510/ GO90904/27/05/2024 പ്രകാരം 15000 രൂപ തിരികെ അടവാക്കിയിട്ടുള്ളത് ഫയൽ പരിശോധിച്ചതിൽ വ്യക്തമായി. 15/17.07.2024 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ദയ ആർ എന്ന ഗുണഭോക്താവ് പഠനമുറിയുടെ അവസാനഘട്ടം പൂർത്തീകരിക്കുന്ന മുറയ്ക്ക് അവസാനഗഡു അനുവദിക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണെന്നും, ആദ്യഗഡു കൈപ്പറ്റി പഠനമുറി പ്രവർത്തികൾ തുടങ്ങിയിട്ടില്ലാത്ത ഗുണഭോക്താവിൽ നിന്നും, 15000 രൂപ തിരികെ ഈടാക്കിയിട്ടുള്ളതും, ബാക്കി 15000 രൂപ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. ഗുണഭോക്താവിൽ നിന്നും പ്രസ്തുത തുക തിരികെ ഈടാക്കുന്നതുവരെ 15000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-20 ഗോത്രസാരഥി-പദ്ധതി നടത്തിപ്പ്- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

പ്രോജക്ട് നമ്പർ - 201/24

പ്രോജക്ട് - ഗോത്രസാരഥി തുക അനുവദിക്കൽ

അടങ്കൽ - 105050 വികസന ഫണ്ട് ടി.എസ്.പി

ചെലവ് - 103350

ബിൽ നമ്പർ - 1/24 തീയതി 06/07/23

നിർവ്വഹണം- എച്ച്.എം

54പട്ടിക വർഗ്ഗ വിദ്യാർഥികളുടെ യാത്രാ സൌകര്യം മെച്ചപ്പെടുത്തുവാൻ ലക്ഷ്യമാക്കി 'ഗോത്രസാരഥി'

പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് . ടി പദ്ധതിക്കായി 2022-23 ൽ ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച് അംഗീകൃത ലൈസൻസുള്ള വാഹന ഉടമകളെ തിരഞ്ഞെടുക്കുകയും, കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. വാഹനത്തിന്റെ ഫിറ്റ്നസ് ഉറപ്പ് വരുത്തിയിട്ടുള്ളതോടൊപ്പം എല്ലാ കുട്ടികളുടെയും ഇൻഷൂറൻസ് എടുത്ത് പദ്ധതി വിജയകരമായി നടത്തിയിട്ടുള്ളതാണ്.

30-03-2023 ലെ സ.ഉ.(സാധാ) നം.415/2023/SCSTD പ്രകാരം ടി പദ്ധതി 'വിദ്യാവാഹിനി' എന്ന് പുന:നാമകരണം ചെയ്യപ്പെടുകയും, വീണ്ടും പല നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി പട്ടിക വർഗ്ഗക്കാരായ ഡ്രൈവർമാർക്കും, വാഹന ഉടമകൾക്കും ജോലിയും വരുമാനവും നൽകുന്ന രീതിയിൽ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് എന്നതിനാൽ വാഹനം ക്വട്ടേഷൻ ക്ഷണിക്കുമ്പോൾ പട്ടികവർഗ്ഗക്കാരായ ഡ്രൈവർമാർക്കും, വാഹന ഉടമകൾക്കും മാത്രമേ അവസരം നൽകേണ്ടതുള്ളുവെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ പറഞ്ഞതിൽ നിന്നും വിഭിന്നമായി ചെയ്യേണ്ടപക്ഷം പട്ടികവർഗ്ഗക്കാരായ ഡ്രൈവർമാരും, വാഹന ഉടമകളും ലഭ്യമല്ല എന്ന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. 7/10.07.2024 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

പദ്ധതികൾ നടത്തിപ്പിൽ അതാത് കാലങ്ങളിലെ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1-21 എസ് എസ് കെ വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

എച്ച്.എം നിർവ്വഹണ ഉദ്യോഗസ്ഥയായി എസ് എസ് കെ വിഹിതം നൽകൽ എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊജക്ട്	113/24, എസ് എസ് കെ വിഹിതം നൽകൽ
അടങ്കൽ	₹ 618795 (വികസനഫണ്ട് ജനറൽ)
ചെലവ്	₹ 618795
സാങ്ഷൻ ഓർഡർ നം./തീയതി	226/ 02.12.2023

പ്രൊജക്ട് പ്രകാരം വിദ്യാഭ്യാസത്തിന്റെ ഭൌതികാവശ്യങ്ങളായ നിർമ്മാണ പ്രവർത്തനങ്ങൾക്കും പാഠപുസ്തക വിതരണത്തിനും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള ഉപകരണ, പഠന സാമഗ്രികളുടെ വിതരണത്തിനുമായി ബ്ലോക്ക് പ്രൊജക്ട് കോ-ഓർഡിനേറ്റർ എസ് എസ് കെ പാലക്കാടിന് പഞ്ചായത്ത് വിഹിതമായി 618795/-രൂപ കൈമാറിയിട്ടുണ്ട്. തുക ഉപയോഗിച്ച് നടത്തിയ പ്രവർത്തനങ്ങളുടെ വിവരം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നീ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. 3/10-07-2024 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പദ്ധതി നിർവഹണം മോണിറ്റർ ചെയ്യേണ്ടതും ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി നൽകിയ തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-22 ലൈഫ്- ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ- വി.ഇ.ഒ-II

പ്രോജക്ട്- 7/24-ലൈഫ് മിഷൻ -(എസ്.സി.പി)

അടങ്കൽ-12339919രൂപ(വികസന ഫണ്ട്(എസ്.സി.പി)-3482315+ സംസ്ഥാനാവിഷ്കൃതം- 3000000+ബ്ലോക്ക് വിഹിതം-3095000+ജില്ലാ പഞ്ചായത്ത് വിഹിതം- 2762604)

ചെലവ്-4482315രൂപ(വികസന ഫണ്ട്(എസ്.സി.പി)-3482315+ സംസ്ഥാനാവിഷ്കൃതം- 1000000+ബ്ലോക്ക് വിഹിതം-0+ജില്ലാ പഞ്ചായത്ത് വിഹിതം-0)

2023-24വർഷത്തിൽ ഭവന നിർമ്മാണത്തിനായി ധനസഹായം കൈപ്പറ്റിയെങ്കിലും ഇതു വരെയായി നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം താഴെ കൊടുക്കുന്നു.

ക്രമ	ഗുണഭോക്താവിന്റെ	നല്കിയ	നൽകാനുള്ള

നം	പേര് , മേൽവിലാസം	ആകെ തുക ആദ്യ ഗഡു നല്കിയ തിയതി	തുക
1.	തത്ത നല്ലമാടൻചള്ള,വിളയോടി	40000 20-5-2023	360000
2	ശക്തിവേൽ മുള്ളൻതോട്,കന്നിമാരി	40000 30-5-2023	360000
3	പാറു പുതുശ്ശേരി,വിളയോടി	40000 20-5-2023	360000
4	ചിന്നു ദഫേദാർചള്ള നന്ദിയോട്	40000 20-5-2023	360000

ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനായി സ്വീകരിച്ച നടപടികൾ, നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്നിവയെക്കുറിച്ച് എൻക്വയറി 18/17-7-2024 നല്കിയതിന് താഴെ കൊടുത്തിരിക്കുന്ന മറുപടി ലഭ്യമാക്കി
ക്രമ നം 1,2,3 ഗുണഭോക്താക്കൾ ലിന്റൽ വരെ പണി പൂർത്തീകരിച്ചു മെയിൻവാർപ്പ് ആരംഭിച്ചിട്ടുണ്ട് എന്നും പ്ളാൻ ഫണ്ടിന്റെ ലഭ്യതക്കുറവ് മൂലം തുക അനുവദിച്ചിട്ടില്ല എന്നും അറിയിച്ചു. ക്രമ നം 4 ഗുണഭോക്താവ് ആരോഗ്യ കാരണങ്ങളാലും സാമ്പത്തിക പ്രശ്നങ്ങൾ മൂലവും വൈകിയാണ് വീട് പണി ആരംഭിച്ചത് എന്നും നിലവിൽ പണി നടന്നു വരുന്നുണ്ട് എന്നും അറിയിച്ചു. വീടുകളുടെ പണി പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് ധനസഹായം അനുവദിക്കുന്നതാണ് എന്ന് അറിയിച്ചു.
ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും വിവരം യഥാസമയം ഓഡിറ്റിനു നല്കേണ്ടതുമാണ്.

1-23 ഹെൽത്ത് ഗ്രാന്റ് വിനിയോഗം ഉറപ്പാക്കേണ്ടതാണ്

2023-24 വാർഷിക കണക്ക് അനുസരിച്ച് ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ താഴെ കൊടുത്തിരിക്കുന്ന വിധം വരവ്-ചെലവ് ഉണ്ട്.

ഫണ്ട്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
Health Grant സാമൂഹ്യ ആരോഗ്യകേന്ദ്രത്തിൽ രോഗ നിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ	2,49,222	1024489	1273711	282373	991338
Health Grant Towards Conversions Of PHC's And Subcentres Into Health Wellness Centres	0	422975	422975	149560	273,415
Health Grant Towards Buldingless Subcentres,PHCs And CHCs	0	5,611,000	5611000	0	5,611,000

തൻവർഷം സാമൂഹ്യ ആരോഗ്യകേന്ദ്രത്തിൽ രോഗ നിർണ്ണയ സൗകര്യം ഏർപ്പെടുത്തുന്നതിനായി 282373രൂപയും, PHC ,സബ്സെൻററുകളെ ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്റർ ആക്കി മാറ്റുന്നതിനായി 149560 രൂപയും മാത്രമാണ് ഹെൽത്ത് ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുള്ളത്. കെട്ടിടമില്ലാത്ത പി.എച്ച്.സി , സി.എച്ച്.സി, സബ്സെന്ററുകൾ എന്നിവയ്ക്കായി അനുവദിച്ച 5,611,000 ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ഇപ്രകാരം പ്രത്യേക ആവശ്യങ്ങൾക്കായി അനുവദിച്ച ഫണ്ട്

ഉപയോഗിക്കുന്നതിനായി വിഭാവനം ചെയ്ത പ്രോജക്ടുകളുടെ വിശദവിവരം ,അവയുടെ പുരോഗതി/നിലവിലെ സ്ഥിതി എന്നീ കാര്യങ്ങൾ അറിയിക്കണമെന്നാവശ്യപ്പെട്ട് എൻക്വയറി നം 6/11-7-24 നല്കിയതിന് മറുപടി ലഭ്യമായില്ല.

ലഭ്യമായ തുക സമയബന്ധിതമായി വിനിയോഗിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-24 ടോയ്ലറ്റ് നിർമാണം പൂർത്തീകരിച്ചിട്ടില്ല

പ്രോജക്റ്റ് നം. 100/23 -ടോയ്ലെറ്റ് നിർമാണം

നിർവഹണം-വി.ഇ.ഒ-സർക്കിൾ 1

അടങ്കൽ- 10,00,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്-400000+ സ്വച്ഛ് ഭാരത് അഭിയാൻ(റൂറൽ &അർബൻ) ഫണ്ട്-600000)

ചെലവ് -₹. 384000(SBM ഫണ്ട്)

1.സാങ്ക്ഷൻ നം 319/27-2-24-₹.120000

2.സാങ്ക്ഷൻ നം 418/26-3-24-₹.264000

പ്രോജക്ടിലൂടെ ഒരു ഗുണഭോക്താവിന് ആകെ 20000രൂപ ധനസഹായം നല്കേണ്ടതിൽ സ്വച്ഛ് ഭാരത് അഭിയാൻ വിഹിതം മാത്രമാണ് നിലവിൽ നല്കിയിരിക്കുന്നത്. തൻവർഷം 32 ഗുണഭോക്താക്കൾക്ക് 12000രൂപ വീതം നല്കിയിട്ടുണ്ട്. ശേഷിക്കുന്ന8000രൂപ ടോയ് ലെറ്റ് നിർമാണം പൂർത്തീകരിക്കുന്ന മുറയ്ക്കാണ് നല്കുന്നത്. ആദ്യ ഗഡു നല്കിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ച് രണ്ടാം ഗഡു ആനുകൂല്യം ഇതു വരെയായി കൈപറ്റിയിട്ടില്ല.

നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം:

ക്രമ നം	ഗുണഭോക്താവിന്റെ പേര്	കൈപ്പറ്റിയ തുക
1	മണികണ്ഠൻ ചെമ്മണംകാട്, വണ്ടിത്താവളം	12000
2	കല്യാണി ചന്ദ്രൻ കരടിക്കുന്ന്,പെരുമാട്ടി	12000
3	ബേബി സുമതി ഏറാട്ടുചള്ള, നന്ദിയോട്	12000
4	ഷാഹുൽ ഹമീദ് അത്തിമണി, വണ്ടിത്താവളം	12000
5	വിനോദ് കുമാർ പാറക്കളം ,വിളയോടി	12000
6	സുധ ചന്ദ്രൻ പാക്കം ,അത്തിമണി	12000
7	സൗമ്യ സി എസ് W/O.വിനോദ്, ഇറളംപുള്ളി	12000
8	സന്ധ്യമോൾ രാധാകൃഷ്ണൻ ചിലമ്പത്ത് ഹൗസ്, വണ്ടിത്താവളം	12000
9	ഭാഗ്യവതി വേലായുധൻ പാറക്കളം	12000
10	ഷീല മണികണ്ഠൻ ചെമ്മണംകാട്, വിളയോടി	12000
11	അജേഷ് രാജപ്പൻ കൈതറവ്	12000
12	സുമതി ആറുമുഖൻ ഹരിജൻ കോളനി മീനാക്ഷിപുരം	12000
13	രമ്യ.കെ W/O വടിവേൽ,കന്നിമാരി	12000
14	ധനലക്ഷ്മി ധർമലിംഗം നെല്ലിമേട്	12000
15	സജിത സുനുൽകുമാർ താമരക്കുളം,വിളയോടി	12000
16	കണ്ണൻ ആറു പുറയോരം, അലയാർ	12000
17	കല്പകം കലാധരൻ വളയംപാറ, പാട്ടികുളം	12000

18	അനിൽകുമാർ ആറുച്ചാമി കിഴക്കേക്കാട്	12000
19	കാശു കുഞ്ചു കരയ്ക്കലകൊളമ്പ്, നമ്പൂരിചള്ള	12000
20	പീതാംബരൻ വാസു കന്നിമാരി	12000
21	കനകം പ്രഭാകരൻ പൊട്ടമാടകൊളുമ്പ്	12000
22	ഓമന ശിവൻ പുറയോരം, അലയാർ	12000
23	ദേവകി മണി നന്ദിയോട്, വണ്ടിത്താവളം	12000
24	സുലോചന കുപ്പാണ്ടി വേലാംകുളമ്പ്,വണ്ടിത്താവളം	12000
25	പാഞ്ചാലി ആറുമുഖൻ ചിന്നപ്പൻചള്ള, വണ്ടിത്താവളം	12000
26	രുഗ്മിണി കൃഷണ്ൻ നമ്പൂരിചള്ള	12000
27	സൗദാമിനി കൊച്ചപ്പൻ എഴുത്താണി, വിളയോടി	12000
28	രാജേഷ് S/O കൃഷ്ണൻ പള്ളിമൊക്ക് വണ്ടിത്താവളം	12000
29	രമേഷ് S/O വേലുച്ചാമി നമ്പൂരിചള്ള	12000
30	മുരുകേശൻ S/O ആറുമുഖൻ നമ്പൂരിചള്ള , വിളയോടി	12000
31	ദാമോദരൻ S/O ശിവരാമൻ ഇറളംപുള്ളി, പാറക്കളം	12000
32	രാജേശ്വരി പഴണിസ്വാമി മൂലത്തറ	12000

ടോയ്ലെറ്റ് നിർമ്മാണത്തിനായി ഒരു ഗഡു ലഭിച്ച ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചതിന്റെയും തുക അനുവദിച്ചതിന്റെയും വിവരം അറിയിക്കേണ്ടതാണ്. ഇക്കാര്യത്തെക്കുറിച്ച് എൻക്വയറി നം 20/17-7-24 നല്കിയതിന് മറുപടി ലഭ്യമായില്ല.

1-25 ഭിന്നശേഷിക്കാർക്ക് സ്ക്കോളർഷിപ്പ് - എല്ലാ ഗുണഭോക്താക്കൾക്കും ലഭ്യമായില്ല

28-5-2022ലെ സ.ഉ.(കൈ) നം 115/2o22/LSGD പതിന്നാലാം പദ്ധതി , സബ്സിഡി മാർഗ്ഗരേഖ ഖ-7-1-6-ഇ യിൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന അർഹരായ മുഴുവൻ കുട്ടികൾക്കും സ്കോളർഷിപ്പും ബത്തയും മുടക്കം കൂടാതെ അതാത് മാസം നലകുന്നതിന് പ്രോജക്ട് നടപ്പാക്കുന്നതിന് നിർദേശിച്ചിട്ടുണ്ട്. പെരുമാട്ടി ഗ്രാമപഞ്ചായത്തിൽ തൻവർഷം ഇക്കാര്യത്തിനായി പ്രോജക്ട് ഉണ്ടെങ്കിലും പകുതിയോളം കുട്ടികൾക്ക് തുക നല്കിയിട്ടില്ല.

2023-24 വർഷത്തിൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്ക്കോളർഷിപ്പ് എന്ന പ്രോജക്ടിൽ 28 ഗുണഭോക്താക്കളാണ് നിലവിലുള്ളത് . ഇതിൽ 15 കുട്ടികൾക്ക് മാത്രമാണ് തൻവർഷം ധനസഹായം നല്കിയിട്ടുള്ളത്. ബാക്കിയുള്ള 13 കുട്ടികൾക്ക് തൻവർഷം തുകയൊന്നും നല്കിയിട്ടില്ല. ചെലവിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

പ്രോജക്ട് നം -5/24- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്ക്കോളർഷിപ്പ്

അടങ്കൽ- 950000(വികസന ഫണ്ട്-ജനറൽ-350000+ബ്ലോക്ക് ഷെയർ- 210000+ജില്ലാ പഞ്ചായത്ത് വിഹിതം-390000)

ചെലവ് - 634000(വികസന ഫണ്ട്-ജനറൽ-223500+ബ്ലോക്ക് ഷെയർ- 198000+ജില്ലാ പഞ്ചായത്ത് വിഹിതം-212500)

ബിൽ നം- 5/21-8-23- ₹ 223500

ബിൽ നം- 6/19-9-23- ₹ 100000(Block Share)

ബിൽ നം- 10/23-12-23- ₹ 192500(Dist.Panchayat Share)

